പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.1878 | 14/08/2017 ൽ മറുപടിക്ക് |

## ചിറ്റാർ സി.എച്ച്.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോന്നി മണ്ഡലത്തിൽ ചിറ്റാർ സി.എച്ച്.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയായി; | എ) | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| ബി) | ഇതിനായി നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | ബി) & സി) | ചിറ്റാർ സി.എച്ച്. സി യിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ഒരു കോടി 20 ലക്ഷം രൂപ സ.ഉ (ആർ.ടി) 2162/2015/ ആകുവ തീയതി 10/07/2015 പ്രകാരം അനുവദിച്ചിരുന്നു. ഈ സ്ഥലത്തുനിന്നും മരം മുറിക്കുന്നതിനും ലേലവില നിശ്ചയിച്ചു നല്കുന്നതിനും റാന്നി ബ്ലോക്ക് പഞ്ചായത്തിനും സോഷ്യൽ ഫോറസ്ട്രി വകുപ്പിനും കത്ത് നൽകിയിരുന്നു.. മരംമുറിക്കുന്നതിനുള്ള അനുമതി സോഷ്യൽ ഫോറസ്ട്രിവകുപ്പിൽ നിന്നും 04/08/2017 ന് ലഭ്യമായിട്ടുണ്ട്. അതിൻപ്രകാരം ലേല നോട്ടീസ് പരസ്യപ്പെടുത്തുകയും ലേലം/ക്വട്ടേഷൻ 18/08/2017 ന് തുറക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | നാളിതുവരെ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | സി.എച്ച്.സി.യുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | സൈറ്റ് ക്ലിയറൻസ് നടത്തിയതിന് ശേഷം പി.ഡബ്ല്യ ഡി-യ്ക്ക് സൈറ്റ് കൈമാറി, ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ